# മാർക്ക് ലിസ്റ്റ്

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ ഒന്നും രണ്ടും വർഷ റഗുലർ & റീഅപ്പിയറൻസ് വാർഷിക പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ഒടുക്കുന്ന ഫീസിൽ മാർക്ക് ലിസ്റ്റ്-ന് 50/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. ഫീസ് ഘടന ചുവടെ ചേർക്കുന്നു.

1. അപേക്ഷ ഫോം ഫീസ് - 10/- രൂപ
2. പരീക്ഷ ഫീസ്:

എ) റെഗുലർ - ഓരോ പേപ്പറിനും ഫീസ് 150/- രൂപ വീതം

ബി) റീ അപ്പിയറൻസ് - ഓരോ പേപ്പറിനും ഫീസ് 200/- രൂപ വീതം

3. മാർക്ക് ലിസ്റ്റ് 50/- രൂപ (റഗുലർ, റീഅപ്പിയറൻസ് പരീക്ഷകൾക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഓരോ വർഷത്തെയും മാർക്ക് ലിസ്റ്റിന് പ്രത്യേകമായി 50/- രൂപ വീതം ഫീസ് അടയ്ക്കേണ്ടതാണ്.)

## അപേക്ഷിക്കേണ്ട വിധം

മാർക്ക് ലിസ്റ്റിന് പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതില്ല.

## മാർക്ക് ലിസ്റ്റ് നൽകുന്ന വിധം

പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ച ശേഷം,

റീവാല്യുവേഷന് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ ഒഴികെയുള്ളവർക്ക് റീവാല്യുവേഷന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്ക് ശേഷം ഓരോ സ്ഥാപനത്തിലേയും വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് ഒന്നിച്ച് അതാത് സ്ഥാപനമേധാവി മുഖേന അനുവദിക്കുന്നതാണ്.

റീവാല്യുവേഷന് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് റീവാല്യുവേഷൻ നടത്തി റിസൾട്ട് പ്രസിദ്ധീകരിച്ച ശേഷം മാത്രം ഓരോ സ്ഥാപനത്തിലേയും

വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് ഒന്നിച്ച് അതാത് സ്ഥാപനമേധാവി മുഖേന അനുവദിക്കുന്നതാണ്.

** പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മാർക്ക് ലിസ്റ്റ് (വിജയിച്ചവർക്കും, പരാജയപ്പെട്ടവർക്കും) അതാത് സ്ഥാപനമേധാവി മുഖേന അനുവദിക്കുന്നതാണ്.